നിന്നും അലോട്ടുചെയ്യ കേരളത്തിൽ വന്നിട്ടുള്ളവക്കും ബാധകമാണ്. എന്നാൽ ഈ രണ്ടു വിഭാഗങ്ങളും ഒരു സീനിയോറിറ്റി ലിസ്റ്റിൽപെട്ട രണ്ടുവിഭാഗക്കാക്കും എങ്ങനെ പ്രയോഗിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുന്ന പ്രശ്നം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ട്.

(സി) നോർത്ത് കേരള എൻ. ജി. ഓ. അസോസ്സിയേഷനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പരാതിയിൽ ഉന്നയിച്ചിട്ടുള്ള വസ്തുതകളും ഗവണ്മെൻറ് പരിഗണിച്ചുവരികയാണ്.

Mr. Speaker: Question No. 13; an identical question has already been answered.

ഈ. എസ്സ്. ഐ. ആശുപത്രികളും.

* 572. [14] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ. എസ്സ്. ഐ. ആശുപത്രികളും ഈ വർഷത്തിൽ എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഓരോ ആശുപത്രികളിലും എത്രവീതം ബെഡ്ഡുകൾക്കാണ് പരിപാടിയുള്ളത്;

(സി) ആശുപത്രി സ്ഥാപിക്കാനുള്ള നടപടികളും ഇതിനകം എത്രത്തോളമായി?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) കൊല്ലം, ആലപ്പുഴ, മലപ്പുറം കുന്നത്തുകാവ് എന്നിവിടങ്ങളിൽ. കൂടാതെ തിരുവനന്തപുരം, കണ്ണൂർ, കൊട്ടാരക്കര, പുനലൂർ, കോട്ടയം, ഉദ്യോഗമണ്ഡൽ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ ആശുപത്രി കെട്ടാൻ പ്രാരംഭ നടപടികളും എടുത്തുവരുന്നു.

(ബി) ഓരോ ആശുപത്രിക്കും നിശ്ചയിച്ചിട്ടുള്ള ബഡ്ഡുകളുടെ എണ്ണം താഴെ കൊടുക്കുന്നു:

		ബഡ്ഡു	
1	തിരുവനന്തപുരം	30	
2	കണ്ണൂർ, കൊട്ടാരക്കര	100	(ടി.ബി.)
3	ടി	150	
4	കൊല്ലം (ആശ്രാമം)	100	
5	പുനലൂർ	25	
6	ആലപ്പുഴ (ബീച്ച് വാർഡു)	50	
7	ആലപ്പുഴ	80	(ടി.ബി.)
8	കോട്ടയം	80	(ടി.ബി.)
9	കോട്ടയം	25	
10	ഉദ്യോഗമണ്ഡൽ	120	
11	എറണാകുളം	50	
12	മലപ്പുറം കുന്നത്തുകാവു	100	(ടി.ബി.)
13	തൃശ്ശൂർ (അളകപ്പനഗർ)	60	
14	കോഴിക്കോട് (പെരുവണ്ണൂർ)	100	
15	ടി ടി	80	(ടി.ബി.)
16	കണ്ണൂർ	60	
17	ടി	80	(ടി.ബി.)

(സി) കൊല്ലത്തു—ആശ്രാമം (100 ബഡ്ഡു)
ആലപ്പുഴ—ബീച്ച് വാർഡ് (50 ബഡ്ഡു)
മലപ്പുറം കുന്നത്തുകാവു (100 ടി. ബി. ബഡ്ഡു)

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിലെ ആശുപത്രി പണി പുരോഗമിക്കുന്നുണ്ട്. ഉദ്യോഗ മണ്ഡലത്തു് സ്ഥലമെടുക്കാൻ അകമ്പടിസിഷൻ നടപടികളും സ്വീകരിച്ചു കഴിഞ്ഞു.

മറ്റുസ്ഥലങ്ങളിലെ ആശുപത്രികൾക്കു് ആവശ്യമുള്ള സ്ഥലത്തിനു് ഗവണ്മെൻറിനു വസ്തു വിലയ്ക്കു വാങ്ങാൻ സമ്മതമുള്ള പൊതുജനങ്ങളോടു് അപേക്ഷിച്ചിട്ടുണ്ടു്. അവർ അതതു ഡിസ്ട്രിക്ടുകളിലുള്ള കളക്ടർമാരെ വിവരം അറിയിക്കുന്നതാണു്. നേരത്തെ സ്വീകരിച്ചിട്ടുള്ള പൊന്നുംവില നടപടികളും തുടർന്നു കൊണ്ടുമിരിക്കുന്നു.

ഇതുകൂടാതെ 5 ഡിസ്പെൻസറി കെട്ടിടങ്ങളുടെ പണിയും ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. എസ്. കുമാരൻ: ആലപ്പുഴ, പാതിരപ്പള്ളിയിൽ പണി തുടങ്ങിയിരിക്കുന്ന ഈ. എസ്. ഐ. ആശുപത്രിയുടെ പണി പൂർത്തിയാക്കി എന്നു അതിന്റെ പ്രവർത്തനം നടത്തി തുടങ്ങാൻ സാധിക്കുമെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ: കെട്ടിടംപണി പൂർത്തിയായിക്കഴിഞ്ഞാൽ അപ്പോഴേതന്നെ അതിന്റെ പ്രവർത്തനം നടത്തും. പണി പൂർത്തിയാക്കാനുള്ള കാലതാമസമേയുള്ളൂ.

ശ്രീ. എസ്. കുമാരൻ: ആശുപത്രിയുടെ പണി പൂർത്തിയാകാനുള്ള താമസമേയുള്ളൂ എന്നു എനിക്കു മനസ്സിലായി. എന്നത്തേക്കു പൂർത്തിയാക്കാനാണു് നിർദ്ദേശം കൊടുത്തിട്ടുള്ളതു് ?

ശ്രീ. കെ. ടി. അച്യുതൻ: നോട്ടീസു തരാതെ എപ്പോഴും പൂർത്തിയാക്കാൻ സാധിക്കുമെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോപാലൻ: പാപ്പിനിശ്ശേരി ഈ. എസ്. ഐ. ആശുപത്രി ഇപ്പോഴും ഒരു വാടകക്കെട്ടിടത്തിലാണു നടത്തിവരുന്നതു്. ആ വാടകക്കെട്ടിടം അതിലേക്കു വളരെ അപര്യാപ്തമാകയാൽ അതു മാറ്റി സ്ഥാപിക്കുന്നതിനു ഏറ്റവും നല്ല ഒരു വാടകക്കെട്ടിടം കണ്ടുപിടിക്കണം അല്ലെങ്കിൽ പുതിയ ഒരു കെട്ടിടം അതിലേക്കുവേണ്ടിയുണ്ടാക്കണം എന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: പുതിയ നല്ല ഒരു വാടകക്കെട്ടിടം കിട്ടുമോ എന്നു അന്വേഷിക്കാം. ഇപ്പോഴത്തെ ഇട്ടിരിക്കുന്നതു് സ്ഥിരമായിട്ടുള്ള ഒരു സ്ഥലത്തല്ല. ഗവണ്മെൻറു വക കെട്ടിടം പണിയാനുദ്ദേശിക്കുന്നുണ്ടു്. ഈ പറഞ്ഞ കെട്ടിടങ്ങളുടെ പണി കഴിയുമ്പോഴേക്കും മറ്റേ കെട്ടിടങ്ങളുടെ പണി തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: കോഴിക്കോട്ട മെഡിക്കൽ കോളേജാശുപത്രിയിലെ ഡാക്ടറന്മാർ ഈ തൊഴിലാളികളെ പരിശോധിക്കണമെന്നുള്ള വ്യവസ്ഥ നിറുത്തലാക്കീട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അതിപ്പോൾ ഓർമ്മയിൽനിന്നും പറയാൻ നിവൃത്തിയില്ല.

ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറു കോർപ്പറേഷൻ.

* 573. [15] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സ്റ്റേറ്റു് ഇൻഡസ്ട്രിയൽ ഡവലപ്പുമെൻറു കോർപ്പറേഷൻ എന്നു സംസ്ഥാപിതമായി;

(ബി) ഈ സംസ്ഥാനത്തെ വ്യവസായ വികസനത്തിനുവേണ്ടി ടി കോർപ്പറേഷൻ ചെയ്തിട്ടുള്ള സേവനങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly